കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തളിക്കുളം ഗ്രാമപഞ്ചായത്ത്

2015-16

ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം
Email: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.1)9/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email:dotsr.ksad@kerala.gov.in

തീയതി: 30.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

തളിക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തളിക്കുളം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (പി.1)9/2017 തിയ്യതി: 30.01.2017

## തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം മാന്വൽ രശീതി ബുക്കുകൾ ഉപയോഗിച്ച് വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2015-16 വർഷം മാർച്ച് മാസത്തിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.12.16 മുതൽ 20.12.16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.എൽ.അഗസ്റ്റിൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മീര.ടി | അസി.ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി. ഷൈനി കൃഷ്ണദാസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ബിന്ദു.സി.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി.ഐ. ഷൗക്കത്തലി | 1.4.15 മുതൽ 30.10.15 വരെ |
| | ഭരണനിർവ്വഹണ കമ്മിറ്റി | 31.10.15 മുതൽ 10.11.15 വരെ |
| | ശ്രീമതി. രജനി.കെ.കെ | 11.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | വിഎൻ. നന്ദകുമാർ | 1.4.15 മുതൽ 22.7.15 വരെ |
| | എൻ.ജി.ദിനേശൻ ( ചാർജ്ജ്) | 23.7.15 മുതൽ 26.7.15 വരെ |
| | എം.എസ്.അമീന | 27.7.15 മുതൽ 29.7.15 FNവരെ |
| | എൻ.ജി.ദിനേശൻ ( ചാർജ്ജ്) | 29.7.15 മുതൽ 9.8.15 വരെ |
| | ബെനഡിക്ട് ആന്റണി | 10.8.15 മുതൽ 31.3.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | വി.എസ്. പ്രദീഷ് | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. റഹീന മാവുങ്ങൽ | 1.4.15 മുതൽ 26.5.15 വരെ |
| | ഡോ.സുമതി ജയരാജൻ | 27.5.15 |
| | ഡോ. നന്ദിനിക്കുട്ടി. പി.എസ് | 28.5.15 മുതൽ 25.8.15 വരെ |
| | ഒഴിവ് | 26.8.15 മുതൽ 8.9.15 വരെ |
| | ഡോ.സുമതി | 9.9.15 മുതൽ |

| | | |
|---|---|---|
| | ജയരാജൻ | 3.10.15 വരെ |
| | ഡോ. നന്ദിനിക്കുട്ടി. പി.എസ് | 4.10.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.ത്ധാൻസി. സി.സി | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ സർക്കിൾ ടി 2 | രതീഷ് കുമാർ . ആർ | 1.4.15 മുതൽ 5.3.16 വരെ<br>6.3.16 മുതൽ ഒഴിവ് |
| വി.ആ.ഒ സർക്കിൾ ടി 1 | ജൂഡി.എസ് | 1.4.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശാന്തകുമാരി | 1.4.15 മുതൽ 31.8.15 വരെ |
| | ശുഭ നാരായണൻ | 1.9.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബി.ബിനോദ് | 1.4.15 മുതൽ 31.3.16 വരെ |
| അസി.സെക്രട്ടറി | എൻ.ജി.ദിനേശൻ | 1.4.15 മുതൽ 31.3.16 വരെ |
| പ്രധാനാദ്ധ്യാപിക | ജയന്തി. എ.കെ | 1.4.15 മുതൽ 12.5.15 വരെ |
| | ഓമന.പി.എ | 13.5.15 മുതൽ 31.3.16 വരെ |
| അസി.എഞ്ചിനീയർ | രശ്മി. പി | 1.4.15 മുതൽ 31.3.16 വരെ |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ചൈതന്യ ഇ.ആർ | 1.4.15 മുതൽ 20.7.15 FNവരെ |
| | രമ്യ.കെ.ഡി | 20.7.15 മുതൽ 7.9.15 F N വരെ |
| | സന്ധ്യാറാണി | 7.9.15 മുതൽ 14.12.15 FN വരെ |
| | രമ്യ കെ.ഡി | 14.12.15 മുതൽ 27.1.16 FNവരെ |
| | നിത. എ.ആർ | 27.1.16 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| 12 | ഓഡിറ്റ് ഇംപാക്റ്റ് | 1.12 |
| | ഭാഗം 2 | |
| 13 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 2-1 |
| 14 | തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 2-2 |
| 15 | വാടക- അപാകതകൾ | 2-3 |
| 16 | ഡി&ഒ ലൈസൻസ് – അപാകതകൾ | 2-4 |
| | ഭാഗം 3 | |
| 17 | ഗ്യാസ് ക്രിമിറ്റോറിയവും അനുബന്ധ സൗകര്യങ്ങളും-നടപടിക്രമങ്ങളിലെ അപാകതകൾ | 3-1 |
| 18 | മീഡിയാശ്രീ -വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 3-2 |
| 19 | തെരുവു വിളക്ക് റിപ്പയർ -വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. | 3-3 |
| 20 | നിർദിഷ്ട വരുമാന പരിധിയിൽ കൂടുതൽ വരുമാനമുള്ള ഗുണഭോക്താവിന് ധനസഹായം നൽകി | 3-4 |

| | | |
|---|---|---|
| 21 | പെയിൻ ആന്റ് പാലിയേറ്റീവ് - മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല | 3-5 |
| 22 | എച്ച്.എം നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-6 |
| 23 | ആസ്തി രജിസ്റ്ററിൽ മെയിൻറനൻസ് പ്രവൃത്തികൾ കാലികമാക്കുന്നില്ല. ക്രമ നമ്പറും, പ്രോജക്ടിലെ യൂണീക്ക് നമ്പറും ഒത്തുപോകുന്നില്ല | 3-7 |
| 24 | ഇ-ടെണ്ടർ ഉപയോഗപ്പെടുത്തിയില്ല | 3-8 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 30 | ഓഡിറ്റ് റിക്കവറി | 4.6 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.3.15 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 135785200/- രൂപയും ചെലവ് 136573351/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/16 | 12.7.16 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകകൾ ചുവടെ ചേർക്കുന്നു.

*1.* നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16658208 |
| വരവ് | 43923295 |
| ആകെ | 60581503 |
| ചെലവ് | 51142402 |
| നീക്കിയിരിപ്പ് | 9439101 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1704797 | 7663468 | 9368265 | 9368265 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 471555 | 6851276 | 7322831 | 7322831 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 32 | 6737450 | 6737482 | 6737482 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 537371 | 1881657 | 2419028 | 2419028 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1336119 | 3544524 | 4880643 | 4347006 | 533637 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2378000 | 2051414 | 4429414 | 2316004 | 2113410 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 14380036 | 14380036 | 14380036 | 0 | 0 |
| ബി ഫണ്ട് | 0 | 26796066 | 26796066 | 26796066 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5200876 | 7448241 | 12649117 | 8640950 | 0 | 4008167 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 50361965 | 119 | 39467950 | 9 | 6 | 88.81% |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.55 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6443774 | 4573940 | 1869834 | (-)29% |
| നികുതിയേതര വരവുകൾ | 259171 | 545781 | 286610 | (+)110% |
| മറ്റുവരവുകൾ | 8728910 | 10073017 | 1344107 | (+)15.4 |
| ആകെ | 15431855 | 15192738 | (-)239117 | (-)1.55 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 92280 | 53 |
| കർഷകതൊഴിലാളി പെൻഷൻ | 1572480 | 202 |
| വിധവാപെൻഷൻ | 11789280 | 1196 |
| വാർദ്ധക്യകാലപെൻഷൻ | 9408210 | 1151 |
| വികലാംഗപെൻഷൻ | 2902015 | 292 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള | 696160 | 70 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 11 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.16 തിയതിയിൽ 3.00 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8337 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. തുക ക്യാഷ് ബുക്ക് , ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

# 1-10 ആഭ്യന്തരനിയന്ത്രണം.

1)ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

2) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയെല്ലാം സൂക്ഷിക്കുന്നുണ്ട്

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, എച്ച്.എം തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥരൊന്നും തന്നെ നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

5) പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഓരോ മാസാവസാനവും തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ പഞ്ചായത്ത് ബഡ്സ് സ്കൂളിനായി അനുവദിച്ച് നൽകിയ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ലോഗ് ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/2016 | ഒക്ടോബർ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.2.2011 | 2006-07 മുതൽ 2010-11 വരെ | 13.5.2011 |

# 1-12 ഓഡിറ്റ് ഇംപാക്ക്

ഓഡിറ്റ് വർഷം ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ വരവിനങ്ങളിൽ ഈടാക്കിയതിൽ കുറവ് വന്ന തുക ഓഡിറ്റ് എൻക്വയറികൾ നൽകിയതിനെത്തുടർന്ന് താഴെ പറയുംപ്രകാരം ഉത്തരവാദികളിൽനിന്നും ഈടാക്കിയിട്ടുണ്ട്.

| ഇനം | സ്ഥാപനം | ഈടാക്കിയ തുക | രസീതി നം & തിയതി | ആകെ തുക |
|---|---|---|---|---|
| സ്ഥാപന തൊഴിൽ നികുതി | അസബ് ഫാർമസി | 300 | 11622103725/19.12.16 | 4680 |
| | റോഷ് മെഡിക്കൽസ് | 1900 | 11622103728/19.12.16 | |
| | A3 മോട്ടോർസ് | 1000 | 11622103727/19.12.16 | |
| | അലിയ കാറ്ററിംഗ് | 240 | 11622103754/19.12.16 | |
| | ഈഗിൾ സോപ്പുപൊടി | 240 | 11622103753/19.12.16 | |
| | ബ്രദേഴ്സ് ട്രേയ്ഡ് സെന്റർ | 1000 | 11622103745/19.12.16 | |
| ഡി&ഒ ലൈസൻസ് ഫീ | മാവേലിസ്റ്റോർ | 900 | 11622103752/19.12.16 | 1200 |
| | റോഷ് മെഡിക്കൽസ് | 300 | 11622103729/19.12.16 | |
| ആകെ തുക | | | | 5880 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

താഴെ പറയുന്ന വാണിജ്യ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന് പകരം കാർപ്പെറ്റ് വിസ്തീർണ്ണം കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| ഉടമസ്ഥൻ/ പെർമിറ്റ് നമ്പർ | തറ വിസ്തീർണ്ണം/ കാർപ്പെറ്റ് വിസ്തീർണ്ണം | കെട്ടിട നമ്പർ | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് തുക |
|---|---|---|---|---|---|
| അമീറുദ്ദീൻ ഷാ/ | 72 $m^2$/ 57.60 $m^2$ | III/IB | 72x40=2880 10% ഇളവ് | 57.60x40=2304 10% ഇളവ് | വസ്തു നികുതി-634 |

| | | | | | |
|---|---|---|---|---|---|
| പി-211/ 2014-15 | | | (മേൽക്കൂര) 20%വർദ്ധനവ് (റോഡ്) ആകെ നികുതി 2880+288=3168 ലൈബ്രറി സെസ്സ്-158 | (മേൽക്കൂര) 20%വർദ്ധനവ് (റോഡ്) ആകെ നികുതി 2304+230=2534 ലൈബ്രറി സെസ്സ്-127 | ലൈബ്രറി സെസ്സ്-31 |

ഓഡിറ്റ് എൻക്വയറി 9/20.12.16 നൽകിയതിന്റെ അടിസ്ഥാനത്തിൽ കുറവ് വന്ന തുക ഈടാക്കി ( തുക-665/-രസീത് നമ്പർ-11622103769/20.12.16). വസ്തു നികുതി പുനർ നിർണ്ണയിച്ച് തുടർ വർഷങ്ങളിൽ ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

1)2015-16 വർഷത്തിൽ 50 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 1994- ലെ കേരള പഞ്ചായത്തീരാജ് നിയമവും ചട്ടങ്ങളും - വകുപ്പ് 205(ബി), 1996- ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ ചട്ടം13എന്നിവ പ്രകാരം ഈ കെട്ടിടങ്ങളുടെ ഉടമസ്ഥരോടോ കൈവശക്കാരോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുന്നതിനുവേണ്ടി നോട്ടീസു മുഖേന ആവശ്യപെട്ടിട്ടില്ല. പുതിയതായി വാണിജ്യാവശ്യത്തിനു നികുതി നിർണ്ണയിക്കുന്ന എല്ലാ കെട്ടിടങ്ങളുടേയും ഉടമസ്ഥരോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് നികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2)2015-16 വർഷത്തിൽ ഡി & ഒ ലൈസൻസ് എടുത്ത 39സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ബി) മുതൽ 205 (എഫ്) വരെ, കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 10,13 എന്നിവ പ്രകാരം നോട്ടീസ് ഒരു സ്ഥാപനത്തിനും നൽകിയിട്ടില്ല. നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വാടക- അപാകതകൾ

1)ബൈലോ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട മുറികൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 4/19.12.16 നുള്ള മറുപടിയിൽ ബൈലോ പഞ്ചായത്തിൽ ഉണ്ടെന്നും സ്ഥലം മാറിയിരിക്കുന്നതിനാൽ പരിശോധനക്ക് ഹാജരാക്കാൻ സാധിച്ചില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച ബൈലോ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2)ഒഴിഞ്ഞ് കിടക്കുന്ന മുറികൾ വാടകക്ക് നൽകേണ്ടതാണ്.

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ ഒഴിഞ്ഞ് കിടക്കുന്ന 3 മുറികൾ (VI/538,540,541) വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് -അപാകതകൾ

1)ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിലൊന്നും സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല. ലൈസൻസ് പുതുക്കുന്നതിന് ലഭിക്കുന്ന എല്ലാ അപേക്ഷകളും ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനക്ക് നൽകേണ്ടതാണെന്ന 66562/ആർ സി 3/12/ത.സ്വ.ഭ.വ തി.10.01.13 സർക്കുലറിലെ വ്യവസ്ഥ പാലിക്കുന്നതായി കാണുന്നില്ല.

2)ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങൾ അടവാക്കുന്ന സ്ഥാപന തൊഴിൽ നികുതി ഉൾപ്പെടെ എല്ലാ ഫീസിന്റെയും വിവരങ്ങൾ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

3)അപേക്ഷകൾ പൂർണ്ണമല്ല. അപൂർണ്ണമായ അപേക്ഷകൾ കാരണം ഫീ ചുമത്തിയതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. അപേക്ഷകളിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. വിറ്റുവരവ് നിർബന്ധമായും ഓരോ സ്ഥാപനത്തിന്റെയും വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ എഴുതേണ്ടതും അതിനനുസരിച്ച് ലൈസൻസ് ഫീയും, തൊഴിൽ നികുതിയും ഈടാക്കേണ്ടതുമാണ്. വിറ്റുവരവ് എഴുതാത്തതിനാൽ പല സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ വാങ്ങിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4)ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾക്കൊപ്പം സാനിറ്ററി സർട്ടിഫിക്കറ്റ്, സ്ഥലനാമം-പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം, വാടക കരാർ, മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് തുടങ്ങി ഓരോ സ്ഥാപനത്തിനും ആവശ്യമായ അനുബന്ധരേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ലൈസൻസ് പുതുക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്യാസ് ക്രിമറ്റോറിയവും അനുബന്ധ സൗകര്യങ്ങളും- നടപടിക്രമങ്ങളിലെ അപാകതകൾ

പ്രോജക്ട് നം -s0-98/16
നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ഫണ്ട് -സംസ്ഥാന വിഹിതം(64,50,000)

ചെലവ്- (1675642)

പ്രിൻസിപ്പൽ സെക്രട്ടറിയുടെ 17-9-14 ലെ 50734/DB.3/14 കത്ത് പ്രകാരം ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണത്തിന് 64,50,000 രൂപ വകയിരുത്തുകയും , 1/19 തീയതി 4-10-14, 104/14-15 തീയതി 6-10-14 എന്നിങ്ങനെ യഥാക്രമം ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിക്കുകയും ചെയ്തു. നിർവഹണ ഏജൻസിയായ കോസ്റ്റ് ഫോർഡ് 3-12-14 ൽ പ്രവൃത്തി ആരംഭിച്ചു. ഇതു വരെയായി 16,75642 രൂപ കോസ്റ്റ് ഫോർഡിന് ക്രിമറ്റോറിയം നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടഅപാകതകൾ ചുവടെ ചേർക്കുന്നു.

1.1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ,ചട്ടം3(1) പ്രകാരം ശ്മശാനനിർമ്മാണത്തിന് ജില്ലാ കളക്ടറിൽ നിന്ന് മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ ജില്ലാ കളക്ടറിൽ നിന്ന് മുൻകൂർ അനുമതി ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ഇല്ല

2.ജില്ലമെഡിക്കൽഓഫീസറിൽനിന്നുള്ളസർട്ടിഫിക്കറ്റ്ചട്ടം3,(1)

സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ചട്ടം 6(8) എന്നിവ ലഭ്യമായിട്ടില്ല.

3.പരിസരവാസികളുടെ സമ്മതപത്രം ,അഭിപ്രായ സർവേ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

4.ജനവാസ ഗൃഹങ്ങൾ നിർദ്ദിഷ്ട പരിധിക്കുള്ളിൽ ഉണ്ടോ( 25മീറ്റർ പരിധിക്കുള്ളിൽ,ചട്ടം5)എന്നതു സംബന്ധിച്ച വിവരങ്ങൾ ഇല്ല.

ശ്മശാന നിർമ്മാണത്തിന് ജില്ല കളക്ടറിൽ നിന്നും അനുമതി ലഭിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 മീഡിയാശ്രീ -വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പദ്ധതി-s00-114/16

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ -65000

ചെലവ്-65000

ഫണ്ട് -വികസനഫണ്ട്(ജനറൽ)

ഡിഡിനം,തീയതി -828752/31-12-15

ട്രഷറിബിൽ നം,തീയതി -17/31-12-15

തളിക്കുളം പഞ്ചായത്തിനെക്കുറിച്ച് വിശദമായ ഡോക്യുമെന്ററി തയ്യാറാക്കുന്നതിനായി കുടുംബശ്രീ ജില്ലാമിഷന് മേൽ തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുകവിനിയോഗിച്ച തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-3 തെരുവു വിളക്ക് റിപ്പയർ -വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് -5/16

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ട് -വികസനഫണ്ട്(ജനറൽ)200000

ചെലവ്-127680

ഡിഡിനം,തീയതി -992343/23-3-16

ട്രഷറിബിൽ നം,തീയതി -27/21-3-16

തെരുവു വിളക്ക് (ഡബിൾ ട്യൂബ്) റിപ്പയർ ചെയ്യുന്നതിനായി (672 എണ്ണം 190രൂപ നിരക്കിൽ 127680രൂപ) കരാറുകാരനായ ശ്രീ.ജിജുവിന് നൽകിയിട്ടുണ്ട്. എന്നാൽ റിപ്പയർ സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

## 3-4 നിർദിഷ്ട വരുമാന പരിധിയിൽ കൂടുതൽ വരുമാനമുള്ള ഗുണഭോക്താവിന് ധനസഹായം നൽകി

1.പദ്ധതി-s00-60/16എസ്.സി.വിവാഹധനസഹായം(വനിത)

നിർവഹണ ഉദ്യോഗസ്ഥ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ_അടങ്കൽ -1100000 ചെലവ്-1100000

ഫണ്ട് -വികസന ഫണ്ട്

ട്രഷറി ബിൽനം,തീയതി -24/19-3-16 (150000)

സബ്സിഡി മാർഗരേഖ (GO(MS) 362/2013 /LSGD dt 16-11-2013 പ്രകാരം 50000 രൂപയിൽ കവിഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് വിവാഹ ധനസഹായത്തിന് അർഹതയില്ല. എന്നാൽ പുഷ്കരൻ മാടത്തിങ്കൽ, കച്ചേരിപ്പടി എന്ന ഗുണഭോക്താവിന്റെ മകൾ അർച്ചനക്ക് 50000 രൂപ വിവാഹ ധനസഹായമായി നല്കിയിട്ടുണ്ട്.(ഡിഡി .നം.829753/16-2-16). തളിക്കുളം വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.പുഷ്കരന് 1,32,900/- രൂപ വാർഷിക വരുമാനമുണ്ട്. സബ്സിഡി മാർഗരേഖക്ക വിരുദ്ധമായി നൽകിയ തുക തിരികെ ഈടാക്കി, കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-5 പെയിൻ ആന്റ് പാലിയേറ്റീവ് - മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 64/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ആകെ ചെലവ് : 261000 ( പ്ലാൻ ഫണ്ട്)

ബിൽ നം. 4/15-16 തി. 30.12.15 തുക 74000

ഡി ഡി നം. 828809/30.12.15 തുക 40000

" ' 828810/30.12.15 തുക 14000

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ ന്റെ പ്രോഫോർമ ഇൻവോയ്സിന്റെ
(PRF1207/23.11.15) അടിസ്ഥാനത്തിൽ 54000 രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 41401 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 12599 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, മേൽ പ്രകാരം മരുന്നുകൾക്ക് ഓർഡർ നൽകി അത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് മൂലം മരുന്ന്

വിതരണം മുടങ്ങാതിരിക്കാനായി മരുന്നുകളുടെ ആവശ്യകതയും സൂക്ഷിപ്പ് കാലാവധിയും പരിഗണിച്ച് മൂന്നോ നാലോ മാസത്തേക്കുള്ള മരുന്നുകൾ എപ്പോഴും സ്റ്റോക്കിൽ സൂക്ഷിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-6 എച്ച്.എം നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

(I). പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും എന്ന പേരിൽ രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രൊജക്ട് നം. 10/16

ചെലവ് : 340000

ബിൽ നം. 4/15-16 തി. 13.11.15 തുക 240000

ബിൽ നം. 12/15-16 തി. 23.3.16 തുക 100000

2) 1) പ്രൊജക്ട് നം. 159/16

ചെലവ് : 96000

ബിൽ നം. 13/15-16 തി. 24.3.16 തുക 96000

പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നം. 10/16 പ്രകാരം 85 വിദ്യാർത്ഥികൾക്കും പദ്ധതി നം. 159/16 പ്രകാരം 24 വിദ്യാർത്ഥികൾക്കുമാണ് മേശയും കസേരയും SIDCO ൽ നിന്നും വാങ്ങി വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്തല്ല വിതരണം നടത്തിയിരിക്കുന്നത്.

2)പദ്ധതി നം. 10/16 റിവൈസ്ഡ് പ്രോജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) അപേക്ഷകൾ പരിശോധിച്ചതിൽ പട്ടികജാതി വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന പട്ടികജാതി വകുപ്പിന്റെ സാക്ഷ്യപത്രം ഹാജരാക്കാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു. ഇപ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഏതാനും വിദ്യാർത്ഥികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു

1. അനഘരാജ്

കമ്മട്ടിക്കാട് വീട് , പി.ഒ. തളിക്കുളം

2. വിഷ്ണുദാസ്

കണ്ടൂർ വീട്, പി.ഒ. തളിക്കുളം

3. ആർദ്ര മംഗളാനന്ദൻ

കരിപ്പറമ്പിൽ , തളിക്കുളം

4. ശ്രീജിന

കരിപ്പറമ്പിൽ , തളിക്കുളം

5. അശ്വതി

പുതിയങ്ങാടി വീട്, തളിക്കുളം

(II). എസ്.എസ്.എ- അധിക തുക നൽകി

പ്രോജക്റ്റ് നം. 7/16

ചെലവ് : 614403

ബിൽ നം. 5/15-16 തി. 11.12.15 തുക 614403

പദ്ധതി പ്രകാരം ജില്ലാ പ്രോജക്റ്റ് ഓഫീസർ, എസ്.എസ്. എ, തൃശ്ശൂർ ന് ഡി ഡി നം 828408/11.12.15 പ്രകാരം പഞ്ചായത്ത് വിഹിതമായ മേൽ തുക കൈമാറിയിട്ടുണ്ട്. പ്രോജക്റ്റ് ഓഫീസർ, എസ്.എസ്. എ ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ആകെ ചെലവ് 1238596 രൂപയാണ്. ആയത് പ്രകാരം പഞ്ചായത്ത് വഹിക്കേണ്ടതായ തുക 433509 രൂപയാണ്. ( 1238596x35% ) എന്നാൽ പദ്ധതി പ്രകാരം 614403 രൂപ നൽകിയത് വഴി 180894 രൂപ അധികം നൽകിയിട്ടുണ്ട്.അധികം നൽകിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

III.വിദ്യാർത്ഥികൾക്ക് സൈക്കിൾ

പ്രോജക്റ്റ് നം. 11/16

ബിൽ നം. 7/15-16 തി. 15.3.16 തുക 83331

ബിൽ നം. 3/15-16 തി. 1.10.15 തുക 115161

പദ്ധതി പ്രകാരം എസ്.സി വിഭാഗത്തിൽപ്പെടുന്ന 10 ാം തരം വിദ്യാർത്ഥികൾക്കാണ് സൈക്കിൾ വിതരണം നടത്തിയിരിക്കുന്നത്. ടെണ്ടർ നടപടികളിലൂടെ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ മെട്രോ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നാണ് സൈക്കിൾ വാങ്ങി വിതരണം നടത്തിയത്.

അപാകതകൾ

1) 27 ആൺകുട്ടികൾക്കും 23 പെൺകുട്ടികൾക്കുമാണ് സൈക്കിൾ വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തല്ല വിതരണം നടത്തിയിരിക്കുന്നത്.

2) പട്ടികജാതി വകുപ്പിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാത്ത വിദ്യാർത്ഥികൾക്കും സൈക്കിൾ വിതരണം നടത്തിയിട്ടുണ്ട്. ഇപ്രകാരം ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു

1. കിരൺ. വി.എസ്

വള്ളു ഹൗസ്, പുളിയം തുരുത്തിറോഡ്

2. അഞ്ജന.പി.എ

പട്ടാട്ട് ഹൗസ്, തളിക്കുളം

3. ശിൽപ.ടി.ബി

തറയിൽ ഹൗസ്, താമ്പാംകടവ്, തളിക്കുളം

4. അജിത് കുമാർ

പട്ടാച്ചി വീട്, തളിക്കുളം- ജാതി സർട്ടിഫിക്കറ്റ് ഇല്ല.

5. യദുകൃഷ്ണ. കെ.എസ്

കാര്യാട്ട് (h)

എടത്തിരിഞ്ഞി, കാക്കത്തുരുത്തി

6. ജിതിൻ. വി.എസ്

വടക്കൻ (H)

തളിക്കുളം

7. അതുൽ. എം.എസ്

മാങ്ങാടി (H)

എടശ്ശേരി, തളിക്കുളം

8. സന്ദീപ്കുമാർ

മേപ്പറമ്പിൽ , തളിക്കുളം

3) ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന വിദ്യാർത്ഥികളുടെ അപേക്ഷകളോ അനുബന്ധ രേഖകളോ ഹാജരാക്കിയിട്ടില്ല.

1. അൽകേഷ്. കെ.യു

S/o ഉല്ലാസ്

അറയ്ക്കപ്പറമ്പിൽ, തളിക്കുളം

2. നവീൻ.ടി.സി

തൃപ്രയത്ത്

തമ്പാൻകാവ് , തളിക്കുളം

IV) മറ്റ് പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| പദ്ധതി നം | പദ്ധതിയുടെ പേര് | ബിൽ നം/ തിയതി | തുക | അപാകതകൾ |
|---|---|---|---|---|
| 816 | പഞ്ചായത്ത് ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ | 6/15-16 / 21.1.16 | 15000 | പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തതായോ ലൈബ്രേറിയൻ പുസ്തകങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | കൈപ്പറ്റിയതായോ ഉള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ആവശ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |
| 92/16 | ഗവ. എൽ.പി സ്കൂളിനും ബഡ്സ് സ്കൂളിനും സ്മാർട്ട് ബേർഡ്, നോട്ട് ബുക്ക് സോഫ്റ്റ് വെയർ ( ടെണ്ടർ വഴി ഇഷാൻ ഫ്യൂച്ചർ ടോക്നോളജീസ് സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി) | 2/15-16 / 30.9.15<br>1/15-16 /30.9.15 | 80700<br>324300 | 1. സ്ഥാപനത്തിന്റെ കൈപ്പറ്റ് ഹാജരാക്കിയിട്ടില്ല.<br>2. സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല. |
| | ആകെ | | 4,20,000 | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 4,20,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി ( 18/18.12.16) നൽകിയിരുന്നുവെങ്കിലും ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 ആസ്തി രജിസ്റ്ററിൽ മെയിൻറനൻസ് പ്രവൃത്തികൾ കാലികമാക്കുന്നില്ല. ക്രമ നമ്പറും, പ്രോജക്ടിലെ യൂണീക്ക് നമ്പറും ഒത്തുപോകുന്നില്ല .

2015-16 സാമ്പത്തിക വർഷം നടപ്പാക്കിയ മെയിൻറനൻസ് പ്രവൃത്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. പദ്ധതിയിൽ ചേർത്ത നിലവിലെ ആസ്തിയുടെ യൂണീക്ക് നമ്പരും ആസ്തികളുടെ ക്രമനമ്പരും ഒത്തുപോകുന്നില്ല. പ്രോജക്ട് അംഗീകാരം നേടുന്നതിൽ നല്കേണ്ട ക്രമ നമ്പർ (പുതിയവ ഒഴികെ) പഞ്ചായത്തിലെ നിലവിലെ ആസ്തികളുടെ ക്രമ നമ്പർ ആയിരിക്കണം. അതിന് വിപരീതമായി എല്ലാ മരാമത്തു പ്രവൃത്തികൾക്കും ഒരേ ക്രമ നമ്പർ നല്കുന്നത് യഥാർത്ഥത്തിൽ മുൻ വർഷകാലയളവിൽ ഒരേ റോഡുകളുടെ തന്നെ മെയിൻറനൻസ് പ്രവൃത്തികൾ ആവർത്തിക്കപ്പെട്ടില്ല എന്ന് ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ട്.

## 3-8 ഇ-ടെണ്ടർ ഉപയോഗപ്പെടുത്തിയില്ല.

5 ലക്ഷത്തിനു മുകളിൽ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവർത്തികൾ എസ്റ്റിമേറ്റ് പ്രകാരം ഇ-ടെണ്ടറുകൾ വിളിച്ച് പ്രവൃത്തി ഏല്പിച്ചു കൊടുക്കുവാൻ 17.11.2015 ലെ G.O(P) 524/15 Fin. പ്രകാരം

സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കി കാണുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | പ്രോജക്ട് നം. | കൺവീനർ |
|---|---|---|---|---|
| 01 | അമ്പലം ആത്മാവ് റോഡ് റിടാറിങ്ങ് | 13.00,000 | 43/16 | കുത്സു സുലൈമാൻ |
| 02 | എരണേയത്ത് അമ്പലം റോഡ് അറ്റകുറ്റപണി | 6,84,000 | 112/16 | രാമചന്ദ്രൻ |

ഉത്തരവിന് വിരുദ്ധമായി മരാമത്ത് പ്രവൃത്തികൾ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 195000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 195000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 100000 | ബഡ്സ് സ്കൂൾ അനുബന്ധ സൗകര്യങ്ങൾ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 500000 | തെങ്ങിന് ജൈവവളം | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല. .

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | സ.ഉ(സ) നം. 394/2010/തസ്വ ഭവ വകുപ്പ് | 7040000 | 1535970 | 1535970 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ഇല്ല

## 4.6ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43923295.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51142402.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,85,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 65000 | ബെനഡിക്ട് ആന്റണി, സെക്രട്ടറി |
| 3-6 IV | 4,20,000 | ഓമന വി.എ, ഹെഡ്മിസ്ട്രസ് |
| ആകെ | 4,85,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 88-89,<br>89-90<br>90-91<br>92-93മുതൽ<br>95-96 വരെ | എൽ.എഫ്.ടി.8-എസ്. 201/12<br>തിയതി. 24/10/11 -28/03/12 | |
| 97-98 | എൽ.എഫ്.ടി.14-1760/99<br>തിയതി. 28/03/2000 | |
| 98-99 | എൽ.എഫ്.ടി.14-1547/2000-<br>തിയതി 09/05/01 | |

| | | |
|---|---|---|
| 99-00 | എൽ.എഫ്.ടി.14-212/03-<br><br>തിയതി 4/07/03 | |
| 00-01 | എൽ.എഫ്.ടി.14-213/03<br><br>തിയതി 15/09/03 | |
| 01-02 | എൽ.എഫ്.ടി.14-1735/03-<br><br>തിയതി 22/05/03 | |
| 02-03 | എൽ.എഫ്.ടി.14-440/05<br><br>തിയതി 10/10/05 | |
| 03-04 | എൽ.എഫ്.ടി.14-1864/05<br><br>തിയതി 26/07/06 | |
| 04-05 | എൽ.എഫ്.ടി.14-316/07<br><br>തിയതി 29/3/07-5/06/07 | |
| 05-06 | എൽ.എഫ്.ടി.14-1963/08<br><br>തിയതി 21/12/09 | |
| 06-07 | എൽ.എഫ്.ടി.14-669/10<br><br>തിയതി 6/09/10 | |
| 07-08 | എൽ.എഫ്.ടി.14-1068/10<br><br>തിയതി 31/01/11 | |
| 08-09 | എൽ.എഫ്.ടി.പി.14-1069/10<br><br>തിയതി 31/01/11-29/06/11 | |
| 09-10 | എൽ.എഫ്.ടി.പി.1-891/12<br><br>തിയതി 7/9/12 | |
| 10-11 | എൽ.എഫ്.ടി.പി.1-892/12<br><br>തിയതി 7/9/12-5/01/13 | |
| 11-12 | എൽ.എഫ്.ടി.പി.1-364/13<br><br>തിയതി 12/06/13-4/11/13 | |
| 12-13 | എൽ.എഫ്.ടി.പി.1-31/14<br><br>തിയതി. 4/03/14 – 4/4/14 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.130/2016<br>/22.1.16-- 18.3.2016 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി1)1197/16<br>തി. 21.7.16 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.1)9/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ - 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

തിയ്യതി: 30.01.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No.KSA-TSR(P1)9/2017

Office of the Joint Director of

Kerala State Audit Department,

District Audit Office,
Thrissur

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Dated 31.01.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thalikulam Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thalikulam Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office
Thrissur